(ഡി) സി. ആർ. പി. സി. 321-ന് വിധേയമായും വിവിധ കോടതികളുടെ അനുമതിയോടുകൂടിയും, ഇടുക്കി ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൻമേൽ, പിൻവലിക്കുന്നതിന് അനുമതി നൽകിയ കേസുകളുടെ വിശദാംശം അനുബന്ധം II-ൽ ചേർക്കുന്നു.†

(ഇ) വിശദാംശം അനുബന്ധം III-ൽ ചേർക്കുന്നു.†

പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയി നിശ്ചയിക്കുന്നതിന് നടപടി

37 [113] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിസമയം 8 മണിക്കൂർ ആയി നിശ്ചയിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ്; അവയുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ ജി. ഒ. (എം. എസ്.) 231/04/ആഭ്യന്തരം തീയതി 30-6-2004 പ്രകാരം പോലീസുകാരുടെ ഡ്യൂട്ടി സമയം '8' മണിക്കൂർ ആയി നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സംവിധാനം നടപ്പിലാക്കേണ്ടതിനുള്ള അധിക തസ്തികകൾ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 8 മണിക്കൂർ ഡ്യൂട്ടി നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള 57 പോലീസ് സ്റ്റേഷന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.††

തീരദേശസേനയുടെ രൂപീകരണം

38 [115] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലോര മേഖലകളിലെ ക്രമസമാധാന പാലനത്തിനായി തീരദേശ സേന രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതു പ്രകാരം എത്ര പോലീസ് സ്റ്റേഷനുകൾ തീരദേശ സേനയുടേതായി ആരംഭിച്ചിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4 റെയ്ഞ്ച് യൂണിറ്റുകളിലായി 4 സ്റ്റേഷനുകൾ.

(സി) തിരുവനന്തപുരം റെയ്ഞ്ച് .. വിഴിഞ്ഞം
എറണാകുളം റെയ്ഞ്ച് .. ഫോർട്ട് കൊച്ചി
തൃശ്ശൂർ റെയ്ഞ്ച് .. കൊടുങ്ങല്ലൂർ
കണ്ണൂർ റെയ്ഞ്ച് .. ബേപ്പൂർ

ഉപ്പളയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

39 [116] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പളയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് നാളിതു വരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഷൻ എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉപ്പളയിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് പുതിയ പോലീസ് ഔട്ട്പോസ്റ്റ് ആരംഭിക്കേണ്ടതില്ലെന്ന് ഇപ്പോൾ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

കൈനകരി പോലീസ് സ്റ്റേഷൻ നിർമ്മാണം

40 [119] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കൈനകരിയിൽ ഒരു ചാർജിംഗ് പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന് 2001-ൽ രേഖാമൂലം ആവശ്യപ്പെട്ടത് സംബന്ധിച്ച് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) അടുത്ത ഒരു വർഷത്തിനകം കൈനകരി പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly